# ഊഹങ്ങളെ സൂക്ഷിക്കുക

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ: أَنَّ رَسُولَ اللهِ ﷺ قَالَ: إِيَّاكُمْ وَالظَّنَّ، فَإِنَّ الظَّنَّ أَكْذَبُ الْحَدِيثِ (بخارى)

**അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ (സ) പറഞ്ഞു:**
**"നിങ്ങൾ ഊഹങ്ങളെ സൂക്ഷിക്കുക; കാരണം സംസാരത്തിൽ ഏറ്റം കളവായത് ഊഹമാണ്"(ബുഖാരി).**

മനസ്സ് അല്ലാഹുവിന്റെ ഒരത്ഭുത സൃഷ്ടിയാണ്. മനസ്സിനെ കുറിച്ചുള്ള പഠനങ്ങൾ പുരോഗമിക്കുമ്പോഴും പിടി കൊടുക്കാതെ അതിന്റെ സങ്കീർണത പാരമ്യത്തിലെത്തി നിൽക്കുന്നുവെന്നത് ഒരു അനുഭവ സത്യമായി നിലകൊള്ളുന്നു. മനുഷ്യ ശരീരത്തിൽ ചിന്തോദ്ദീപനങ്ങളും ഗൂഢ വ്യാപാരങ്ങളുമൊക്കെ നടക്കുന്നൊരിടമായാണ് പരിശുദ്ധ ഖുർആനും തിരുസുന്നത്തും മനസ്സിനെ പരിചയപ്പെടുത്തുന്നത്. മനസ്സ് രോഗാതുരമാവുമെന്നും തുടർന്ന് അസൂയ, അഹങ്കാരം, കാപട്യം തുടങ്ങി നാനാതര ദുർഗുണങ്ങളുടെ സംഗമസ്ഥാനമാവുമെന്നും ഉണർത്തുന്ന വിശുദ്ധ വാക്യങ്ങൾ, നന്മ പുൽകാനും ഋജുമാർഗിയാവാനുമുള്ള അതിന്റെ ശേഷിയെയും മുക്തകണ്ഠം വാഴ്ത്തുന്നുണ്ട്.

'ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അത് നന്നാവുമെങ്കിൽ മുഴു ദേഹവും നന്നാവും. അത് മോശമായാൽ മുഴു ശരീരവും തഥൈവ. അതാണ് ഹൃദയം', 'നിങ്ങൾ തമ്മിൽ അസൂയ, അവജ്ഞ, വഞ്ചന, വിദ്വേഷം തുടങ്ങിയവയിൽ നിന്നൊക്കെ വിട്ട് നിൽക്കുക. അല്ലാഹുവിന്റെ ദാസരേ, പരസ്പര സാഹോദര്യം മുറുകെ പിടിക്കുക. മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അനീതിയോ അവഗണനയോ അവർക്കിടയിലില്ല. (മൂന്ന് വട്ടം ഹൃദയഭാഗത്തേക്ക് ചൂണ്ടി) ഇതാ ഇവിടെയാണ് തഖ്‌വ (നിലനിൽക്കേണ്ടത്). ഒരാൾ തന്റെ സഹോദരനെ പരിഹസിക്കുന്നുവെന്നത് അയാളിലെ ദുർഗുണത്തിനു തെളിവാണ്. ഓരോ മുസ്‌ലിമിന്റെയും ജീവനും ധനവും അഭിമാനവും പവിത്രവും അപഹരിക്കൽ നിഷിദ്ധവുമാണ്' എന്നു തുടങ്ങിയ പ്രവാചക വചനങ്ങൾ മുഴുവൻ ഉദ്ഘോഷിക്കുന്നത് മാനസിക വ്യവഹാരങ്ങൾ സംശുദ്ധമായിരിക്കണമെന്നാണ്.

ഇത്തരുണത്തിൽ മനസ്സിന്റെ സംസ്കരണം സാധ്യമാക്കുക വഴി നന്മ നിറഞ്ഞ സമൂഹത്തിന്റെ നിർമിതിയെ സഹായിക്കുന്ന ഒരുപദേശമാണ് ഊഹം അപകടകരമാണെന്നത്. നിങ്ങൾ ഊഹത്തെ, അനാവശ്യ സംശയങ്ങളെ സൂക്ഷിക്കുക. തീർച്ച, അതു മാനസിക വ്യവഹാരങ്ങളിൽ തീരെ സത്യവിരുദ്ധമായതാണ്. മനുഷ്യരിലെ വൈകൃതങ്ങളുടെ ഇരുവശങ്ങളെ കുറിച്ച വ്യംഗ്യ സൂചനയുമുണ്ട് ഈ വചനത്തിൽ. കളവ് പറയുക, കള്ള സാക്ഷ്യം നിൽക്കുക, അന്യരെ ആക്രമിക്കുക തുടങ്ങി അത്യന്തം ഗുരുതരമായ ശീലവൈകൃതങ്ങളൊക്കെ ബാഹ്യമായ ദൂഷ്യങ്ങളിലും, അസൂയ, അഹങ്കാരം, തെറ്റിദ്ധാരണ, ഊഹങ്ങൾ തുടങ്ങിയ ദു:സ്വഭാവങ്ങളെ ആന്തരിക വ്യവഹാരത്തിലും പെടുത്തിയിരിക്കുന്നു. തുടർന്ന് ആന്തരിക ദുഃസ്വഭാവങ്ങളിൽ ഏറ്റം ഗുരുതരമായതിനെ പ്രതി താക്കീത് ചെയ്തു.

ഊഹത്തെ കുറിച്ച് ഇത്ര ഗൗരവത്തോടെ താക്കീത് ചെയ്തതിന്റെ മർമം എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണമായി അത് വർത്തിക്കുന്നുവെന്നതാണ്. വ്യക്തിജീവിതത്തിലേക്ക് സഹജീവികളെ സംബന്ധിച്ച അനാവശ്യ വിചാരങ്ങൾ കടന്നുവരികവഴി ജീവിതമാകമാനം അരക്ഷിതമാക്കപ്പെടുകയും, പരസ്പര വിശ്വാസം നഷ്ടപ്പെടുകയും കുടുംബ, സാമൂഹിക സാഹചര്യങ്ങൾ താറുമാറാവുകയും ചെയ്യുന്നു. പിന്നെ, ആ സംശയങ്ങൾ ഒരു പോറലുമേൽക്കാതെ 'വളർത്തലായി' അടുത്ത പടി. അതിനായി ഒളിഞ്ഞും തെളിഞ്ഞും രഹസ്യങ്ങൾ ചൂഴ്ന്നെടുക്കുന്നു.അങ്ങനെ താൻ എത്തിച്ചേർന്ന 'നിഗമനങ്ങൾ' യാതൊരു തത്ത്വദീക്ഷയുമില്ലാതെ പറഞ്ഞ് പരത്തുകയായി.

ഭർത്താവെന്ന നിലയിൽ ഭാര്യയെ കുറിച്ച സംശയം കൂടുതൽ ചൂഴ്ന്നന്വേഷണങ്ങളിലേക്ക് അയാളെ നയിക്കുന്നു. സാഹചര്യങ്ങളെയും അവസ്ഥകളെയും തന്റെ ഊഹത്തെ സാധൂകരിക്കാനുള്ള പ്രധാന 'തൊണ്ടി'യായി വ്യാഖ്യാനിക്കുന്നു. അവളെ കുറിച്ച പരദൂഷണങ്ങളിലായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്ന അയാളെ അതു അവസാനമായി കുടുംബ ഛിദ്രതയിലേക്കും വേർപിരിയലിലേക്കും അതിവേഗം നടത്തുന്നു. മാതാപിതാക്കൾ, മക്കൾ തമ്മിലെ ബന്ധത്തിലെ പ്രധാന വില്ലനും ഇതു തന്നെ. മാതാപിതാക്കളെ സംബന്ധിച്ച അനാവശ്യ സന്ദേഹങ്ങൾ അവരെ അവിശ്വസിക്കാൻ മക്കളെ പ്രേരിപ്പിക്കുന്നു, മക്കളെ അവിശ്വസിക്കാൻ മാതാപിതാക്കളെ പ്രചോദിപ്പിക്കുന്നതും ഇതു തന്നെ.

ഇത്ര മേൽ അപകടകാരിയായ ഈ മാനസിക രോഗം തിരിച്ചറിയാൻ വൈകിയാൽ അനുഭവിക്കേണ്ടി വരുന്ന ദുരന്തത്തിന്റെ വ്യാപ്തി വലുതാവുമെന്ന് കൂടി ഉണർത്തുന്നുണ്ട് ഈ വചനം. ■